ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 313-ാം ദിവസം

**ന യദിദമഗ്ര ആസ ന ഭവിഷ്യദതോ നിധനാ**
**ദനുമിതമന്തരാ ത്വയി വിഭാതി മൃഷൈകരസേ**
**അത ഉപമീയതേ ദ്രവിണജാതിവികൽപപഥൈർഏ**
**വ്വിതഥ മനോവിലാസമൃതമിത്യ വയന്ത്യബുധാ: (10-87-37)**
**ത്വദവഗമീ ന വേത്തി ഭവദുത്ഥശുഭാശുഭയോർ**
**ഗ്ഗുണ വിഗുണാന്വയാംസ്തർഹി ദേഹഭൃതാം ച ഗിര:**
**അനുയുഗമന്വഹം സഗുണ ഗീതപരമ്പരയാ**
**ശ്രവണഭൃതോ യത സ്ത്വമപവർഗ്ഗഗതിർമ്മനുജൈ: (10-87-40)**

*വേദസ്തുതി തുടർന്നു:*
അഗ്രാഹ്യമായ മായയുടെ മായികതയെപ്പറ്റി അറിയുന്ന വിവേകശാലികൾ അങ്ങയെ അഭയം പ്രാപിക്കുന്നു. കാരണം അവിടുത്തേയ്ക്കു മാത്രമേ അവരെ ഈ വ്യാമോഹത്തിൽ നിന്നു കര കയറ്റാനാവൂ.അവർക്കു മാത്രമെ ചഞ്ചലവും പൊതുവെ നിയന്ത്രണാതീതവുമായ മനസ്സിനെ ഒതുക്കി നിർത്താൻ കഴിയൂ. സ്വന്തം ഗുരുപാദ ങ്ങളെ പൂജിക്കാതെ തൻെറ ഇന്ദ്രിയങ്ങളെയും പ്രാണനെത്തന്നെയും പോരാടി മറ്റുള്ളവർ ഒരു നൂറുകൂട്ടം ദുരിതങ്ങളെ വിളിച്ചു വരുത്തുന്നു. പരമാനന്ദമായി അവിടുന്ന് മനുഷ്യഹൃദയത്തിൽ വസിക്കുമ്പോൾ സമ്പത്തും ഭാര്യയും കുട്ടികളുമൊക്കെ എന്തിനു വേണ്ടിയാണ്? അതുപോലെ തന്നിലധിവസിക്കുന്ന ആ സർവ്വാന്തര്യാമിക്കു മാത്രമേ ശാശ്വതമായ സന്തോഷവും സുരക്ഷയും നൽകാൻ കഴിയൂ എന്നറിയാതെ ഭാര്യക്കും കുട്ടികൾക്കും സമ്പത്തിനും പിന്നാലെ ഓടുന്നതുകൊണ്ടെന്താണു ഫലം? അവിടുത്തെ പാദാരവിന്ദങ്ങളിൽ ഭക്തരായ മഹാത്മാക്കൾ പുണ്യസ്ഥലങ്ങളിലും നദികളിലും അലയുന്നു. കാരണം ഗൃഹസ്ഥാശ്രമജീവിത സുഖത്തിലും സുരക്ഷയിലും അവർക്ക് താത്പര്യമില്ല.

അവിടുന്നു മാത്രമാണ് പരമസത്ത. സൃഷ്ടികൾക്ക് അവയെ സൃഷ്ടിക്കും മുൻപ് അസ്ഥിത്വമില്ല. സംഹാരത്തിനു ശേഷവും അവ നിലനിൽക്കുന്നില്ല. അതിനാൽ അവ ഇപ്പോഴും വാസ്തവത്തിൽ നിലനിൽക്കുന്നില്ല എന്ന് പറയാം. ഞങ്ങൾ വേദങ്ങൾ പലേവിധ ഉദാഹരണങ്ങളിലൂടെ ഈ സത്യം വെളിപ്പെടുത്തുന്നു. അജ്ഞാനിമാത്രമേ ഈ ലോകം ശാശ്വതമാണെന്ന് കരുതുകയുള്ളു. അജ്ഞാനി ജനനമരണചക്രത്തിൽ പെട്ടുഴറുന്നു. അജ്ഞാനിക്ക് പ്രാപിക്കാവുന്നതിലുമകലേയാണ് അവിടുന്ന്. ഇന്ദ്രിയങ്ങൾക്കടിമയായ കപടയോഗികൾക്കും അപ്രാപ്യനാണങ്ങ്.

അവിടുത്തെ സത്തയിലും ഉൺമയിലും തിരിച്ചറിവുള്ള ഒരുവൻ നൻമതിൻമകൾക്കതീതനാണ്. അജ്ഞാനജന്യമാണല്ലോ ഇവ. അങ്ങിനെയുള്ളവർക്ക് വേദശാസ്ത്രപ്രമാണങ്ങൾ ബാധകമല്ല. അവ ശരീരബുദ്ധിയാൽ പരിമിതമായ വികാസപരിണാമദിശയിലുള്ളവരെ നയിക്കാനുള്ളവയാണ്. അവരും അവസാനം തലമുറ തലമുറകളായി പാടിക്കേട്ട വേദശാസ്ത്രാദികളുടെ സഹായം കൊണ്ട് പരമശാന്തിയടയുന്നു.

*ശുകമുനി പറഞ്ഞു:*
ഈ സ്തുതി ദിവ്യർഷി നാരായണൻ നാരദമുനിയെ കേൾപ്പിച്ചു. നാരദൻ വ്യാസനെയും.